### സൂറഃ-7

# അൽ അഅ്റാഫ്

وَإِلَىٰ مَدْيَنَ أَخَاهُمْ شُعَيْبًا قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥ
قَدْ جَآءَتْكُم بَيِّنَةٌ مِّن رَّبِّكُمْ فَأَوْفُوا۟ ٱلْكَيْلَ وَٱلْمِيزَانَ وَلَا تَبْخَسُوا۟
ٱلنَّاسَ أَشْيَآءَهُمْ وَلَا تُفْسِدُوا۟ فِى ٱلْأَرْضِ بَعْدَ إِصْلَٰحِهَا ذَٰلِكُمْ خَيْرٌ
لَّكُمْ إِن كُنتُم مُّؤْمِنِينَ ﴿٨٥﴾

**85.** മദ്‌യൻകാരിലേക്ക് അവരുടെ സഹോദരൻ ശുഐബിനെ നാം ദൂതനായി നിയോഗിച്ചിരുന്നു. അദ്ദേഹം അവരെ പ്രബോധനം ചെയ്തു: എന്റെ ജനമേ, അല്ലാഹുവിന് അടിമപ്പെടുവിൻ. അവനല്ലാതെ നിങ്ങൾക്ക് ദൈവമേതുമില്ല. നിങ്ങൾക്കിതാ വിധാതാവിങ്കൽനിന്ന് വ്യക്തമായ മാർഗദർശനം വന്നെത്തിയിരിക്കുന്നു. ആകയാൽ അളവുതൂക്കങ്ങൾ കൃത്യമായി കൊടുക്കുവിൻ. ആളുകളുടെ വസ്തുക്കൾ വെട്ടിക്കാതിരിക്കുവിൻ. ഭൂമിയുടെ സംസ്കരണത്തിനുശേഷം അതിൽ നാശമുണ്ടാക്കാതിരിക്കുവിൻ. അതാകുന്നു നിങ്ങൾക്ക് ഗുണകരമായിട്ടുള്ളത്; നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

وَلَا تَقْعُدُوا۟ بِكُلِّ صِرَٰطٍ تُوعِدُونَ وَتَصُدُّونَ عَن سَبِيلِ ٱللَّهِ مَنْ ءَامَنَ بِهِۦ
وَتَبْغُونَهَا عِوَجًا وَٱذْكُرُوٓا۟ إِذْ كُنتُمْ قَلِيلًا فَكَثَّرَكُمْ وَٱنظُرُوا۟ كَيْفَ كَانَ
عَٰقِبَةُ ٱلْمُفْسِدِينَ ﴿٨٦﴾

**86.** ആളുകളെ വിരട്ടിയും അല്ലാഹുവിൽ വിശ്വസിച്ചവരെ അവന്റെ മാർഗത്തിൽനിന്ന് തടഞ്ഞും സന്മാർഗത്തെ വക്രമാക്കാൻ ശ്രമിച്ചും വഴികൾതോറും കുത്തിയിരിക്കുന്നത് അവസാനിപ്പിക്കുവിൻ. നിങ്ങൾ എണ്ണത്തിൽ തുഛമായിരുന്ന കാലമോർക്കുവിൻ. പിന്നെ അല്ലാഹു നിങ്ങളെ പെരുപ്പിച്ചു. ഭൂമിയിൽ നാശകാരികളായി വാണവരുടെ പര്യവസാനം എങ്ങനെയൊക്കെയായിരുന്നുവെന്ന് കണ്ണുതുറന്നു കാണുവിൻ.

وَإِن كَانَ طَآئِفَةٌ مِّنكُمْ ءَامَنُوا۟ بِٱلَّذِىٓ أُرْسِلْتُ بِهِۦ وَطَآئِفَةٌ لَّمْ يُؤْمِنُوا۟
فَٱصْبِرُوا۟ حَتَّىٰ يَحْكُمَ ٱللَّهُ بَيْنَنَا وَهُوَ خَيْرُ ٱلْحَٰكِمِينَ ﴿٨٧﴾

**87.** നിങ്ങളിലൊരു വിഭാഗം ഞാൻ നിയുക്തമായ സന്ദേശം അംഗീകരിച്ചവരാണെങ്കിലും മറ്റൊരു വിഭാഗം അംഗീകരിച്ചിട്ടില്ലല്ലോ. ശരി, അല്ലാഹു നമുക്കിടയിൽ തീരുമാനം കൽപിക്കുന്നതുവരെ ക്ഷമയോടെ കാത്തിരിക്കുവിൻ. അവൻ തന്നെയാണല്ലോ ഏറ്റവും വിശിഷ്ടനായ വിധികർത്താവ്.

وَإِلَىٰ مَدْيَنَ = മദ്‌യനി(ൻകാരി)ലേക്ക് (നാം ദൂതനായി നിയോഗിച്ചിരുന്നു) أَخَاهُمْ = അവരുടെ സഹോദരനെ شُعَيْبًا = ശുഐബിനെ
قَالَ = അദ്ദേഹം പറഞ്ഞു (അവരെ പ്രബോധനം ചെയ്തു) يَٰقَوْمِ = എന്റെ ജനമേ
ٱعْبُدُوا۟ ٱللَّهَ = നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ, അടിമപ്പെടുവിൻ مَا لَكُم = നിങ്ങൾക്കില്ല مِّنْ إِلَٰهٍ = ദൈവമേതും
غَيْرُهُۥ = അവനല്ലാതെ قَدْ جَآءَتْكُم = തീർച്ചയായും നിങ്ങൾക്ക് വന്നെത്തിയിരിക്കുന്നു بَيِّنَةٌ = തെളിവ് (വ്യക്തമായ മാർഗദർശനം)
مِّن رَّبِّكُمْ = നിങ്ങളുടെ വിധാതാവിങ്കൽനിന്ന് فَأَوْفُوا۟ = ആകയാൽ നിങ്ങൾ പൂർത്തിയാക്കുവിൻ (കൃത്യമായി കൊടുക്കുവിൻ)
ٱلْكَيْلَ = അളവ് وَٱلْمِيزَانَ = തൂക്കവും وَلَا تَبْخَسُوا۟ = നിങ്ങൾ കുറക്കരുത് (വെട്ടിക്കരുത്) ٱلنَّاسَ = മനുഷ്യരെ (ആളുകളുടെ)
أَشْيَآءَهُمْ = അവരുടെ വസ്തുക്കളെ(ൾ) وَلَا تُفْسِدُوا۟ = നിങ്ങൾ നാശമുണ്ടാക്കരുത് فِى ٱلْأَرْضِ = ഭൂമിയിൽ (നാട്ടിൽ)
بَعْدَ إِصْلَٰحِهَا = അതിന്റെ സംസ്കരണത്തിനുശേഷം ذَٰلِكُمْ = അതാകുന്നു خَيْرٌ = ഗുണകരമായിട്ടുള്ളത്
لَّكُمْ = നിങ്ങൾക്ക് إِن كُنتُم = നിങ്ങൾ ആണെങ്കിൽ مُّؤْمِنِينَ = സത്യവിശ്വാസികൾ
وَلَا تَقْعُدُوا۟ = നിങ്ങൾ ഇരിക്കരുത് (കുത്തിയിരിക്കുന്നത് അവസാനിപ്പിക്കുവിൻ)

بِكُلِّ صِرَٰطٍ = എല്ലാ ഓരോ പാതയിലും (വഴികൾ തോറും) تُوعِدُونَ = നിങ്ങൾ ഭയപ്പെടുത്തുന്നു (വിരട്ടിയും)

وَتَصُدُّونَ = നിങ്ങൾ തടയുന്നു (തടഞ്ഞും) عَن سَبِيلِ ٱللَّهِ = അല്ലാഹുവിന്റെ മാർഗത്തിൽനിന്ന്

مَنْ ءَامَنَ بِهِۦ = അവനിൽ വിശ്വസിച്ചവരെ

وَتَبْغُونَهَا عِوَجًا = അതിനെ നിങ്ങൾ വക്രതയുള്ളതായി തേടുന്നു (സന്മാർഗത്തെ വക്രിക്കാൻ ശ്രമിച്ചും)

وَٱذْكُرُوٓا۟ = നിങ്ങൾ ഓർക്കുവിൻ إِذْ كُنتُمْ = നിങ്ങൾ ആയിരുന്നത് (കാലം) قَلِيلًا = (എണ്ണത്തിൽ) തുച്ഛം

فَكَثَّرَكُمْ = പിന്നെ അവൻ (അല്ലാഹു) നിങ്ങളെ പെരുപ്പിച്ചു وَٱنظُرُوا۟ = നിങ്ങൾ നോക്കുക (കണ്ണുതുറന്നു കാണുവിൻ)

كَيْفَ كَانَ = എങ്ങനെ(യൊക്കെ) ആയിരുന്നുവെന്ന് عَٰقِبَةُ = പര്യവസാനം

ٱلْمُفْسِدِينَ = (ഭൂമിയിൽ) നാശകാരികളായ(യി വാണ)വരുടെ وَإِن كَانَ = ആണെങ്കിലും طَآئِفَةٌ = ഒരുവിഭാഗം مِّنكُمْ = നിങ്ങളിൽനിന്ന്

ءَامَنُوا۟ = അവർ വിശ്വസിച്ചു (അംഗീകരിച്ചവർ)

بِٱلَّذِىٓ أُرْسِلْتُ بِهِۦ = ഞാൻ യാതൊന്നുമായി അയക്കപ്പെട്ടുവോ അതിൽ (നിയുക്തമായ സന്ദേശം) وَطَآئِفَةٌ = (മറ്റൊരു) വിഭാഗം

لَّمْ يُؤْمِنُوا۟ = അവർ വിശ്വസിച്ചിട്ടില്ല (അംഗീകരിച്ചിട്ടില്ലല്ലോ) فَٱصْبِرُوا۟ = അതിനാൽ നിങ്ങൾ ക്ഷമി(മയോടെ കാത്തിരി)ക്കുവിൻ

حَتَّىٰ يَحْكُمَ ٱللَّهُ = അല്ലാഹു തീരുമാനം കൽപിക്കുന്നതുവരെ بَيْنَنَا = നമുക്കിടയിൽ وَهُوَ = അവൻ(തന്നെയാണല്ലോ)

خَيْرُ ٱلْحَٰكِمِينَ = ഏറ്റവും വിശിഷ്ടനായ വിധികർത്താവ്

**85:** പ്രവാചകസന്ദേശം തള്ളിക്കളഞ്ഞ് നാശത്തിൽ പതിച്ച മറ്റൊരു സമൂഹത്തിന്റെ ചരിത്രമാണ് ഈ സൂക്തങ്ങൾ വിവരിക്കുന്നത്. وَإِلَىٰ مَدْيَنَ (മദ്‌യനിലേക്കും) എന്നതിനെ സമാസിച്ചിരിക്കുന്നത് 73-ാം സൂക്തത്തിലെ وَإِلَىٰ ثَمُودَ (സമൂദ് സമുദായത്തിലേക്ക്) എന്ന വാക്കിനോടാണ്. ബൈബിളിലെ മിദ്യാൻ ആണ് അറബികളുടെ മദ്‌യൻ. ഇത് ഒരു ജനതയുടെ പേരാണോ ദേശത്തിന്റെ പേരാണോ എന്നതിൽ തർക്കമുണ്ട്. ഇബ്‌റാഹീം നബിക്ക് ഖതൂറാ എന്ന ഭാര്യയിലുണ്ടായ പുത്രന്റെ പേരാണ് മദ്‌യൻ അഥവാ മിദ്യാൻ; അദ്ദേഹത്തിന്റെ വംശപരമ്പരയിൽനിന്നുണ്ടായ സമൂഹം പിന്നീട് മദ്‌യൻ എന്നറിയപ്പെട്ടു; മുദർ, തഗ്‌ലബ് എന്നൊക്കെ ഗോത്രനാമങ്ങളുണ്ടായതുപോലെ എന്നാണ് ഒരഭിപ്രായം. ഇബ്‌റാഹീമിന്റെ പുത്രൻ മദ്‌യന്റെ പുത്രൻ യശ്ജറിന്റെ പുത്രൻ മീകാഈലിന്റെ പുത്രൻ എന്നാണ് ഇമാം നവവി തന്റെ *തഹ്‌ദീബുൽ അസ്‌മാഇ വല്ലുഗാത്തിൽ* ശുഐബ് നബിയുടെ പിതൃപരമ്പര രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 'യഅ്ഖൂബിന്റെ പുത്രൻ ലേവിയുടെ പുത്രൻ യശ്ജറിന്റെ പുത്രൻ മീകാഈലിന്റെ പുത്രൻ ശുഐബ് എന്നാണ് ഹാഫിള് ഇബ്നു ഹജർ *ഫത്ഹുൽ ഖാരി*യിൽ രേഖപ്പെടുത്തിയ പിതൃപരമ്പര. രണ്ടായാലും മദ്‌യൻ ഇബ്‌റാഹീമിന്റെ പിന്മുറക്കാരാണ്. രണ്ടാമത്തെ വംശാവലിപ്രകാരം ഇസ്രാഈല്യരുമാകുന്നു. ആദ്യത്തേതനുസരിച്ച് മിദ്യാനികൾ ഇസ്‌മാഈല്യരെപ്പോലെ അറബികളാകുന്നു. ഹൂദ്, സ്വാലിഹ്, ശുഐബ്, മുഹമ്മദ് എന്നീ നാലു പ്രവാചകന്മാർ അറബികളാണ് എന്ന് ഇബ്നു ഹിബ്ബാൻ അബൂദർറിൽനിന്നുദ്ധരിച്ച സുദീർഘമായ ഒരു ഹദീസിൽ പറയുന്നുണ്ട്. ഇബ്‌റാഹീം(അ) അഗ്നികുണ്ഡത്തിലെറിയപ്പെട്ടപ്പോൾ അദ്ദേഹത്തിൽ വിശ്വസിച്ച ഒരാളാണ് മദ്‌യൻ എന്നും ഒരു പ്രസ്താവമുണ്ട്. അൻസഃ എന്ന അറബി ഗോത്രം ശുഐബ് കുടുംബത്തിന്റെ പിന്മുറക്കാരാണെന്ന് നബി(സ) പ്രസ്താവിച്ചതായി ത്വബറാനി നിവേദനം ചെയ്തിരിക്കുന്നു. മദ്‌യൻ ഒരു നാടിന്റെ പേരാണെന്നാണ് മറ്റൊരഭിപ്രായം. നാടിന്റെ പേരും ഗോത്രത്തിന്റെ പേരും ഒന്നാവുക അപൂർവമല്ല. ഉദാ: ഇസ്രാഈൽ.

ഉത്തര അറേബ്യയിൽ ഫലസ്ത്വീനിനും ഹിജാസിനും ഇടയിൽ ചെങ്കടലിന്റെയും അഖബ ഉൾക്കടലിന്റെയും പൂർവതീരത്തായി സ്ഥിതിചെയ്യുന്ന പ്രദേശമായിരുന്നു മദ്‌യൻകാരുടെ നാട്. അത് അഖബ ഉൾക്കടൽതീരം മുതൽ സീനാ മരുഭൂമി വരെ വിശാലമായിരുന്നുവെന്ന് ചിലർ പറയുമ്പോൾ മറ്റു ചിലർ സീനായിയുടെ കിഴക്കേ അറ്റം മുതൽ യൂഫ്രട്ടീസ് നദി വരെ വിസ്തൃതമായിരുന്നുവെന്നാണ് പറയുന്നത്.

ചരിത്രകാരന്മാരുടെ ഏതഭിപ്രായം സ്വീകരിച്ചാലും മിദ്യാനികൾ ഇബ്‌റാഹീമീ പാരമ്പര്യമുള്ള അറബികളായിരുന്നുവെന്ന് വ്യക്തമാണ്. ആദ്യകാലത്ത് ഇസ്‌മാഈലികളെപ്പോലെ ഇബ്‌റാഹീം (അ) പ്രബോധനം ചെയ്ത തത്ത്വങ്ങൾ സ്വീകരിച്ച മുസ്‌ലിംകളായിരുന്നു അവർ. കാലാന്തരത്തിൽ അതിൽനിന്നൊക്കെ ബഹുദൂരം വ്യതിചലിച്ച ശേഷവും അവർ സ്വയം കരുതിയിരുന്നത് തങ്ങൾ ഇബ്‌റാഹീമീപാരമ്പര്യം കാത്തുസൂക്ഷിക്കുന്ന സത്യമതസ്ഥരാണ് എന്നായിരുന്നു.

പുരാതനകാലത്ത് ഈജിപ്തിനും മെസപ്പൊട്ടോമിയക്കുമിടയിലും യമന്നും സിറിയക്കുമിടയിലുമുണ്ടായിരുന്ന കച്ചവടപാതകൾ കൂടിച്ചേർന്ന ഇടമായിരുന്നു മദ്‌യൻ. ഈ കേന്ദ്രങ്ങളുമായി വിപുലമായി വ്യാപാരം നടത്തിക്കൊണ്ടിരുന്ന വർത്തകസമൂഹമായിരുന്നു മിദ്യാനികൾ. ഇബ്‌റാഹീമീ മാർഗത്തിൽനിന്ന് വ്യതിചലിച്ചുതുടങ്ങിയതോടെ അവരിൽ ബഹുദൈവത്വവും വിഗ്രഹാരാധനയും കടന്നുകൂടി. ഒപ്പം ദുഷിച്ച കമ്പോള സംസ്കാരവും. ദൈവിക ധാർമിക മൂല്യങ്ങൾ തിരസ്കൃതമായി. തൽസ്ഥാനത്ത് വിപണിയധിഷ്ഠിത മൂല്യങ്ങൾ സ്വീകരിക്കപ്പെട്ടു. എങ്ങനെയും സമ്പത്ത് വാരിക്കൂട്ടുക, ക്രയശേഷി വർധിപ്പിക്കുക എന്നതായി ജീവിതലക്ഷ്യം. സാമ്പത്തിക ഇടപാടുകളിൽ ചൂഷണവും ചതിയും പിടിച്ചുപറിയും മറ്റെല്ലാ തിന്മകളും കൊടികുത്തിവാണു. മിദ്യാനികൾ സ്വയം ഒരു മടക്കം സാധ്യമല്ലാത്തവിധം അസത്യത്തിലും അധർമത്തിലും ആണ്ടുപോയ സാഹചര്യത്തിൽ അല്ലാഹു അവരെ വീണ്ടെടുക്കാൻ ശുഐബ് നബിയെ നിയോഗിച്ചു. മൂസാ(അ) ഈജിപ്തിൽനിന്ന് പലായനം ചെയ്ത് മദ്‌യനിലെത്തിയപ്പോൾ അദ്ദേഹത്തിനഭയം നൽകുകയും കുറേ വർഷങ്ങൾ തന്റെ ഇടയനായി കൂടെ പാർപ്പിക്കുകയും സ്വന്തം മകളെ വിവാഹം ചെയ്തുകൊടുക്കുകയും ചെയ്തത് ശുഐബ് നബിയായിരുന്നുവെന്ന് ചില മുഫസ്സിറുകൾ പ്രസ്താവിച്ചിരിക്കുന്നു. മൂസാ(അ)യുടെ കൈയിലുണ്ടായിരുന്ന അത്ഭുതവടി ശുഐബ് നബി സമ്മാനിച്ചതാണെന്ന് ഇമാം സമഖ്ശരി പ്രസ്താവിച്ചിരിക്കുന്നു. രണ്ടു വട്ടം പ്രവാചകനിയോഗം ലഭിച്ച പുണ്യാത്മാവാണ് ശുഐബ്(അ) എന്നൊരു നിവേദനമുണ്ട്. ആദ്യം മദ്‌യനിലേക്കും പിന്നീട് ഐക്കഃയിലേക്കും. ശുഐബ്(അ) ഉജ്ജ്വലനായ പ്രഭാഷകനായിരുന്നു. അദ്ദേഹത്തിന്റെ ന്യാ

യവാദങ്ങൾക്ക് മുമ്പിൽ പ്രതിയോഗികൾക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞിരുന്നില്ല. പ്രവാചകന്മാരിലെ പ്രഭാഷകൻ -خطيب الأنبياء- എന്നൊരഭിധാനവും അദ്ദേഹത്തിനുണ്ട്. ഇബ്റാഹീമി(അ)ന് അവതരിച്ച വേദം - صُحُفِ إِبْرَٰهِيمَ - ആയിരുന്നു ശുഐബ് നബിയുടെ വേദമെന്ന് ഇബ്നു അബ്ബാസ് പ്രസ്താവിച്ചിരിക്കുന്നു. മക്കയിലാണ് ഇദ്ദേഹം മരിച്ചതെന്നും കഅ്ബക്കടുത്ത് ഹജറുൽ അസ്വദിന്റെ ഭാഗത്താണ് മറപ്പെട്ടതെന്നും ചില നിവേദനങ്ങളിൽ കാണുന്നു. ഐക്കഃയുടെ നാശത്തിനു ശേഷം മക്കയിലെത്തിയ ശുഐബിന്റെയും കൂടെയുണ്ടായിരുന്ന വിശ്വാസികളുടെയും ഖബ്റുകൾ ദാറുന്നദ്‌വക്കും ബാബുബനീസഹ്മിനും ഇടയിലാണെന്ന് മറ്റൊരു നിവേദനവുമുണ്ട്.

ശുഐബ്(അ) മദ്‌യൻകാരെ ആദ്യം വിളിക്കുന്നത് തൗഹീദിലേക്കാണ്. اَعْبُدُوا۟ اللَّهَ (അല്ലാഹുവിന് ഇബാദത്ത് ചെയ്യുവിൻ) എന്നതിന്റെ താൽപര്യം അവനെ മാത്രം ആരാധിക്കുവിൻ, അവന്റെ മാത്രം വിധിവിലക്കുകൾക്കും ധർമശാസനകൾക്കും വിധേയരായിരിക്കുവിൻ എന്നാണ്. മൂലത്തിലെ بَيِّنَةٌ -നെയാണ് 'തെളിഞ്ഞ മാർഗദർശനം' എന്ന് തർജമ ചെയ്തിരിക്കുന്നത്. പദത്തിന്റെ ഭാഷാർഥം വാദങ്ങൾ സ്ഥാപിക്കുന്നതിനുള്ള 'തെളിവ്' എന്നാണ്. ഖുർആൻ ദിവ്യാത്ഭുത ദൃഷ്ടാന്തങ്ങളെ ഉദ്ദേശിച്ചും ഈ പദം ഉപയോഗിക്കാറുണ്ട്. ഈ സൂറയിലെ 73-ാം സൂക്തം ഉദാഹരണം. ഈ സന്ദർഭത്തിൽ പക്ഷേ ദിവ്യാത്ഭുതങ്ങളൊന്നും പരാമർശിക്കുന്നില്ല. ശുഐബ്(അ) ഏതെങ്കിലും ദിവ്യാത്ഭുതം പ്രത്യക്ഷപ്പെടുത്തിയതായി ഹദീസുകളിലും കാണുന്നില്ല. അതുകൊണ്ട് ഇവിടെ പരാമർശിച്ച *ബയ്യിന* അദ്ദേഹം പ്രബോധനം ചെയ്ത സന്മാർഗതത്ത്വങ്ങളും അവയെ സ്ഥാപിക്കുന്ന ബുദ്ധിപരമായ ന്യായങ്ങളുമാണെന്ന് കരുതാം. ശുഐബി(അ)ന്റെ പ്രഭാഷണങ്ങൾതന്നെ അവരുടെ മസ്തിഷ്കത്തെയും മനസ്സാക്ഷിയെയും ഉണർത്താൻ പര്യാപ്തമായിരുന്നു. അദ്ദേഹത്തിന്റെ സാത്വികവും സംശുദ്ധവുമായ ജീവിതചര്യയും സാന്മാർഗിക ജീവിതത്തിന്റെ പ്രത്യക്ഷ ദൃഷ്ടാന്തമായിരുന്നു. വ്യക്തമായി പ്രസ്താവിക്കുന്നില്ലെങ്കിലും അദ്ദേഹം പ്രത്യക്ഷപ്പെടുത്തിയ ഏതെങ്കിലും ദിവ്യാത്ഭുതത്തെയാവാം ഇതുകൊണ്ട് സൂചിപ്പിക്കുന്നത് എന്നഭിപ്രായമുള്ളവരുമുണ്ട്.

തൗഹീദിലേക്ക് ക്ഷണിച്ച ഉടനെ ശുഐബ്(അ) ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നത് നമസ്കാരത്തെയും നോമ്പിനെയും കുറിച്ചല്ല, പ്രത്യുത സാമ്പത്തികമായ അതിക്രമങ്ങൾ വർജിക്കാനാണ്. ഏകദൈവവിശ്വാസവും നീതിയും തമ്മിലുള്ള അഭേദ്യമായ ബന്ധം ഇതിൽനിന്ന് വ്യക്തമാണ്. സത്യവിശ്വാസിയെ സംബന്ധിച്ചേടത്തോളം അല്ലാഹുവിനെ ആരാധിക്കുന്നതുപോലെത്തന്നെ പ്രധാനമാണ് അവൻ അനുശാസിച്ച നൈതികനിയമങ്ങൾ പാലിക്കുക എന്നതും.

അളവുതൂക്കങ്ങൾ അഥവാ പരിമാണം സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന ഘടകമാണ്. ഇതിന്റെ പ്രാധാന്യം നേരത്തേ സൂറഃ *അൽഅൻആം* 152-ാം സൂക്തത്തിനു താഴെ ചർച്ച ചെയ്തിട്ടുണ്ട്. അളവുതൂക്കങ്ങൾ കൃത്യമാക്കുക അല്ലെങ്കിൽ പൂർത്തിയാക്കിക്കൊടുക്കുക- أَوْفُوا۟ - എന്നതിന്റെ അടിസ്ഥാനാശയം സാമ്പത്തിക ഇടപാടുകളിൽ കൃത്യതയും നീതിയും വിശ്വസ്തതയും പാലിക്കുക എന്നാണ്. അളവിലും തൂക്കത്തിലും വെട്ടിക്കുന്നത് ഒരു ഒറ്റപ്പെട്ട തിന്മയല്ല. സമൂഹത്തിന്റെ അന്തരാളത്തിൽ പലതരം ദൗഷ്ട്യങ്ങൾ ഊറിക്കൂടിയതിന്റെ ലക്ഷണമാണ്. നീതിന്യായ സങ്കൽപങ്ങൾ താറുമാറാവുകയും ദൈവം നീതിനിലനിർത്തുന്നവനാണെന്ന വിശ്വാസം മാഞ്ഞുപോവുകയും ചെയ്യുന്നതിന്റെ ദൃഷ്ടാന്തം. അതിന്റെ ദോഷം ജീവിതത്തിന്റെ എല്ലാ തലങ്ങളെയും ഗ്രസിക്കുക അനിവാര്യമാകുന്നു. ആന്തരികമായ അർബുദം പോലെയാണത്. ഓരോരുത്തരിലും ശരീരത്തിന്റെ ഓരോ ഭാഗങ്ങളിലൂടെയാണല്ലോ അത് വെളിപ്പെടുക. മൂല്യച്യുതിയുടെ അർബുദം മിദ്യാനികളിൽ പ്രത്യക്ഷപ്പെട്ടത് അവരുടെ കച്ചവടമേഖലയിലൂടെയാണ്. അളവുതൂക്കങ്ങളിൽ ചതിയും വഞ്ചനയും സാർവത്രികമാവുകയെന്നാൽ സമൂഹത്തിന്റെ മുഴുവൻ വ്യവസ്ഥയും തകിടം മറിയുകയാണ്. അതുകൊണ്ടാണ് അളവുതൂക്കങ്ങളെക്കുറിച്ച് പറഞ്ഞതോടൊപ്പം ഭൂമിയിൽ നാശമുണ്ടാക്കരുത് എന്നുകൂടി അനുശാസിച്ചത്. സാമ്പത്തിക ഇടപാടുകളിൽ നടമാടുന്ന അക്രമവും അനീതിയും തുടർന്നാൽ സാമൂഹികതയും നാഗരികതയും മാനവിക സംസ്കാരവുമൊന്നും അധികകാലം നിലനിൽക്കുകയില്ല എന്നർഥം. നീതിയുടെ ഉത്തോലകത്തിന്മേലാണ് അല്ലാഹു ആകാശഭൂമികൾ സ്ഥാപിച്ചിരിക്കുന്നത്. ആ ഉത്തോലകത്തിന്റെ തട്ടുകൾ അസന്തുലിതമായാൽ ആകാശഭൂമികൾ തകിടം മറിയും. മനുഷ്യൻ അവന്റെ സ്വാതന്ത്ര്യവൃത്തത്തിലും നീതിയുടെ ത്രാസ് നിലനിർത്തിയാലേ സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും വ്യവസ്ഥകൾ നിലനിൽക്കൂ എന്ന യാഥാർഥ്യത്തിലേക്കുള്ള സൂചനയാണത്. ഈ നീതിയും സന്തുലിതത്വവും അവർ തകർത്തുകളയുകയാണെങ്കിൽ വ്യവസ്ഥയുടെ സന്ധിബന്ധങ്ങൾ ഒന്നൊന്നായി വേറിട്ടുപോകും. സൂറഃ *അർറഹ്മാൻ* 7-9 സൂക്തങ്ങളിൽ അല്ലാഹു ഈ യാഥാർഥ്യത്തെ ചിത്രീകരിക്കുന്നു:

وَٱلسَّمَآءَ رَفَعَهَا وَوَضَعَ ٱلْمِيزَانَ ﴿٧﴾ أَلَّا تَطْغَوْا۟ فِى ٱلْمِيزَانِ ﴿٨﴾ وَأَقِيمُوا۟ ٱلْوَزْنَ بِٱلْقِسْطِ وَلَا تُخْسِرُوا۟ ٱلْمِيزَانَ ﴿٩﴾

(വാനലോകത്തെ അവൻ ഉയർത്തിവെച്ചു. അതിൽ ഒരു ത്രാസ് സ്ഥാപിച്ചു. നിങ്ങൾ ത്രാസിൽ അതിക്രമം കാട്ടാതിരിക്കാൻ. തൂക്കം കൃത്യമായി നിലനിർത്തുക. അതിൽ വെട്ടിപ്പ് നടത്താതിരിക്കുക)

ഭൂമിയിൽ നാശം നിരോധിച്ചപ്പോൾ 'അതിന്റെ സംസ്കരണത്തിനു ശേഷം' - بَعْدَ إِصْلَٰحِهَا - എന്ന ഉപാധി പരാമർശിച്ചതിന്റെ താൽപര്യം ഈ സൂറയിലെ 56-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. പ്രഭാഷണ പശ്ചാത്തലം ധ്വനിപ്പിക്കുന്ന ആശയം ഇതാണ്: മനുഷ്യൻ അവന്റെ അവിവേകത്താലും ധിക്കാരത്താലും ഭൂമിയുടെ നൈതിക സന്തുലിതത്വം പലവട്ടം താറുമാറാക്കുകയും ദൈവം അത് പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നൂഹ് (അ) മുതൽ ശുഐബ്(അ) വരെയുള്ള പ്രവാചകന്മാരുടെ ചരിത്രം അതിന്റെ നിദർശനമാണ്. ഈ പ്രക്രിയയുടെ ഭാഗമായിട്ടാണ് മദ്‌യൻകാർക്ക് അവരുടെ നാട്ടിൽ ആധിപത്യം ലഭിച്ചത്. ഇബ്റാഹീം നബിയുടെ പാരമ്പര്യം പുലർത്തുന്ന അവർ ദൈവികശരീഅത്തിനെക്കുറിച്ച് അജ്ഞരായിരുന്നില്ല. അതുകൊണ്ടാണ് ശുഐബ് നബി അവരെ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُم مُّؤْمِنِينَ (അതാണ് നിങ്ങൾക്ക് ഗുണകരം; നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ) എന്ന് ഉദ്ബോധിപ്പിക്കുന്നത്. നിങ്ങൾ ഇബ്റാഹീമിന്റെ ആദർശത്തിൽ വിശ്വസിക്കുന്നുവെങ്കിൽ എന്റെ ഉപദേശം സ്വീകരിക്കുക, നിങ്ങളുടെ വിശ്വാസവാദത്തിന്റെ അനിവാര്യ താൽപര്യമാണത് എന്നർഥം.

ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُم مُّؤْمِنِينَ (നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അതാണ് നിങ്ങൾക്ക് ഗുണകരമായിട്ടുള്ളത്) എന്ന വാക്യം മദ്‌യൻകാർ സ്വയം സത്യവിശ്വാസികളെന്ന് അവകാശപ്പെട്ടിരുന്നതായി സൂചിപ്പിക്കുന്നു. ദീനിന്റെ വിശ്വാസപ്രമാണങ്ങളിൽ(عقيدة)നിന്നും നിയമങ്ങളിൽ(شريعة)നിന്നും വ്യതിചലിച്ച മുസ്‌ലിംകളുടേതുപോലെയായിരുന്നു അവരുടെ അവസ്ഥ. ഇബ്റാഹീം നബിയുടെ തത്ത്വങ്ങളുടെയും നിയമങ്ങളുടെയും വാഹകരെന്ന് അവകാശപ്പെട്ടുകൊണ്ടുതന്നെയാണ് അവർ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും വിഹരിച്ചത്. സാമ്പത്തിക ജീവിതത്തിൽ നിങ്ങളനുവർത്തിച്ചുകൊണ്ടിരിക്കുന്ന ചതിയും വഞ്ചനയുമൊക്കെ മഹാപാപമാണ്. യഥാർഥ സത്യവിശ്വാസികളാണെങ്കിൽ ഇടപാടുകളിൽ സത്യസന്ധതയും നീതിയും പാലിക്കുകയാണ് നിങ്ങളുടെ ധർമം എന്നുണർത്തുകയാണ് പ്രവാചകൻ.

**86:** പരദേശികളായ വർത്തകരുടെ വരവും കാത്ത് വഴിയോ

രങ്ങളിലും കവലകളിലും തമ്പടിക്കുകയും അവരെത്തുമ്പോൾ ഭീഷണിപ്പെടുത്തി അവരുടെ സാധനങ്ങൾ തുഛവിലയ്ക്ക് കൈവശപ്പെടുത്തുകയോ വിലയൊന്നും കൊടുക്കാതെ തട്ടിപ്പറിക്കുകയോ ചെയ്യുന്നതും മദ്‌യൻകാരുടെ സമ്പ്രദായമായിരുന്നു. പരദേശികളുടെ കൈയിലുള്ള നാണയങ്ങൾ പോലും കള്ളനാണയങ്ങളാണെന്നു പറഞ്ഞ് തുഛവിലയ്ക്ക് മദ്‌യൻകാർ കൈവശപ്പെടുത്തിയിരുന്നതായി നിവേദനമുണ്ട്. ഇതിനെയാണ് 'വഴികളിൽ ഇരിക്കരുത്' എന്ന് വിലക്കുന്നത് എന്നാണ് ഒരു വ്യാഖ്യാനം. യഥാർഥ ദൈവവിശ്വാസികളെ വിശ്വാസോചിതമായ ജീവിതചര്യകളിൽനിന്ന് വിലക്കുകയും വഴങ്ങാത്തവരെ ഭീഷണിപ്പെടുത്തുകയും ദ്രോഹിക്കുകയും ചെയ്യുകയായിരുന്നു മറ്റൊരു ദുഷ്ടത. ഏകദൈവത്വം അംഗീകരിക്കുകയും സന്മാർഗം പിൻപറ്റുകയും ചെയ്യുന്നതിനു പകരം അവരതിനെ വളച്ചൊടിച്ച് ദുർവ്യാഖ്യാനം ചെയ്ത് തങ്ങളവലംബിക്കുന്ന ശിർക്കിനും ദുർമാർഗത്തിനും സമാനമാക്കാനാണ് അവർ ശ്രമിച്ചുകൊണ്ടിരുന്നത്. ഈ നടപടിയെ വിമർശിക്കുകയാണ് تُوعِدُونَ എന്നു തുടങ്ങുന്ന വാക്യത്തിലൂടെ.

وَلَا تَقْعُدُوا (നിങ്ങൾ ഇരിക്കരുത്) എന്നതിനെ وَتَصُدُّونَ عَن سَبِيلِ ٱللَّهِ (നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് തടയുന്നു) എന്ന വാക്യവുമായി ബന്ധിപ്പിച്ചുകൊണ്ടാണ് ചില പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നത്. അതുപ്രകാരമാണ് മൂലവാക്യത്തെ തർജമ ചെയ്തിരിക്കുന്നത്. അതായത്, വഴികളിൽ ഇരിക്കുന്നവരുടെ നടപടികളാണ് ആളുകളെ വിരട്ടുക, ദൈവികമാർഗത്തിൽനിന്ന് തടയുക, ആ മാർഗത്തെ വളച്ചൊടിക്കാൻ ശ്രമിക്കുക തുടങ്ങിയവ. അതിന്റെ പേരിലാണ് വഴികളിലിരിക്കുന്നത് വിലക്കിയത്. വിരട്ടൽ രണ്ടു രീതിയിലുണ്ടായിരുന്നു: ഒന്ന്, സഞ്ചാരികളെ വിരട്ടി അവരുടെ മുതലുകൾ കൈവശപ്പെടുത്തുക. രണ്ട്, ശുഐബ് നബി മഹാ വ്യാജനും അപകടകാരിയുമാണെന്നും അയാളോടടുക്കുന്നവരൊക്കെ അയാളുടെ വാഗ്ജാലത്തിൽ വീണുപോകുമെന്നും നാട്ടുകാരെയും അല്ലാത്തവരെയും ഭയപ്പെടുത്തുക. ശുഐബ് നബിയിൽ വിശ്വസിച്ചവരെ പിഴച്ചവരെന്നും പുത്തൻ പ്രസ്ഥാനക്കാരെന്നും ആക്ഷേപിച്ച്, നിലവിലുള്ള വിശ്വാസങ്ങളിലേക്കും ആചാരങ്ങളിലേക്കും മടങ്ങിയില്ലെങ്കിൽ സമൂഹത്തിൽനിന്ന് ബഹിഷ്കരിക്കുമെന്ന് ഭയപ്പെടുത്തുക. അങ്ങനെ പ്രവാചകനിൽ വിശ്വസിച്ചവർക്കും വിശ്വസിക്കാനാഗ്രഹിക്കുന്നവർക്കും മുമ്പിൽ തടസ്സങ്ങൾ സൃഷ്ടിക്കുകയായിരുന്നു അവർ. ഏകനായ അല്ലാഹുവിലുള്ള വിശ്വാസവും അവൻ അവതരിപ്പിച്ച ശരീഅത്തുമാണ് അല്ലാഹുവിങ്കലേക്കെത്താനുള്ള മാർഗം- سَبِيلِ ٱللَّهِ. അതിനെ വക്രമാക്കുകയെന്നാൽ തൗഹീദിനെ ശിർക്കുമായും ദൈവികശരീഅത്തിനെ സ്വേഛാനുസാരം സൃഷ്ടിക്കുന്ന ആചാരങ്ങളുമായും കൂട്ടിക്കുഴച്ച് ആളുകളെ സന്മാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കാൻ നോക്കുക എന്നാണ് 'സന്മാർഗത്തെ വക്രമാക്കാൻ ശ്രമിക്കുക' - وَتَبْغُونَهَا عِوَجًا - എന്ന വാചകത്തിന്റെ താൽപര്യം.

മദ്‌യൻകാർ ആദ്യകാലത്ത് ജനസംഖ്യയിൽ വളരെ കുറഞ്ഞ സമൂഹമായിരുന്നു. ആരോടും ഏറ്റുമുട്ടാൻ പ്രാപ്തരായിരുന്നില്ല. അന്ന് അന്യസമുദായങ്ങളുടെ ആക്രമണം ഭയപ്പെട്ടാണ് അവർ കഴിഞ്ഞുകൂടിയിരുന്നത്. പിന്നീട് ദൈവാനുഗ്രഹത്താൽ അവർ അസാമാന്യമായി പെറ്റുപെരുകി വലിയൊരു സമുദായമായിത്തീർന്നു. ഇബ്റാഹീമിന്റെ പുത്രൻ മദ്‌യൻ അഥവാ മിദ്യാൻ, ലൂത് നബിയുടെ പുത്രി റഅ്യായെ വിവാഹം ചെയ്തുവെന്നും അവർ ധാരാളം കുട്ടികളെ പ്രസവിച്ചുവെന്നും അവരിലൂടെയാണ് മദ്‌യൻകാർ വലിയ സമുദായമായതെന്നും ഒരു നിവേദനമുണ്ട്.

ഇവിടെ قَلِيلًا (തുഛം) എന്നു പറഞ്ഞതുകൊണ്ടുദ്ദേശ്യം എണ്ണത്തിലുള്ള കുറവ് തന്നെ ആകണമെന്നില്ല. നേരത്തേ നിങ്ങൾ ദരിദ്രരായിരുന്നു എന്ന അർഥത്തിലുമാകാം. അല്ലെങ്കിൽ ദുർബലരായിരുന്നു എന്നാകാം. ദരിദ്രരായിരുന്നു എന്നാണെങ്കിൽ فَكَثَّرَكُمْ എന്നതിനർഥം പിന്നെ അവർ നിങ്ങളെ സമ്പദ്സമൃദ്ധരാക്കി എന്നാകുന്നു. ദുർബലരായിരുന്നു എന്നാണ് قَلِيلًا-ന് അർഥമെങ്കിൽ فَكَثَّرَكُمْ എന്നാൽ പ്രബലരാക്കി എന്നും.

നൂഹിന്റെ ജനത, ആദ്-സമൂദ് ഗോത്രങ്ങൾ, ലൂത് ജനത മുതലായ ഉന്മൂലനം ചെയ്യപ്പെട്ട സമുദായങ്ങളുടെ പരിസരവാസികളായിരുന്നു മദ്‌യൻകാർ. ഈ ജനതകളുടെയെല്ലാം തകർന്ന ആവാസകേന്ദ്രങ്ങളിലൂടെ കച്ചവടയാത്രകളിൽ അവർ കടന്നുപോവാറുണ്ടായിരുന്നു. അതുകൊണ്ട് നശിപ്പിക്കപ്പെട്ട ജനതകളെക്കുറിച്ചൊക്കെ സാമാന്യ പരിജ്ഞാനമുണ്ടായിരുന്നു അവർക്ക്. ഈ പശ്ചാത്തലം മുന്നിൽവെച്ചുകൊണ്ടാണ് ഭൂമിയിൽ നാശകാരികളായി വാണവരുടെ പര്യവസാനം എങ്ങനെയൊക്കെയായിരുന്നുവെന്ന് കണ്ണുതുറന്ന് കാണുവിൻ എന്ന് മദ്‌യൻകാരെ ഉദ്ബോധിപ്പിച്ചത്.

**87:** മദ്‌യൻകാരിൽ കുറേപ്പേർ ശുഐബ് നബിയിൽ വിശ്വസിച്ചിരുന്നുവെന്ന് ഇതിൽനിന്ന് സ്പഷ്ടമാകുന്നു. എന്നാൽ വിശ്വസിക്കാത്തവർക്കായിരുന്നു ഭൂരിപക്ഷം. ഈ സന്ദർഭത്തിൽ 'നിങ്ങൾ ക്ഷമയോടെ കാത്തിരിക്കുവിൻ' എന്ന വാക്യത്തിനു രണ്ടു മാനമുണ്ട്: ഒന്ന്, വിശ്വാസികൾക്കുള്ള സാന്ത്വനം. സത്യനിഷേധികളുടെ ഭീഷണികളും ദ്രോഹങ്ങളും ക്ഷമയോടെ തരണം ചെയ്ത് സത്യത്തിന്റെയും ധർമത്തിന്റെയും മാർഗത്തിൽ മുന്നേറുക. അല്ലാഹു നമ്മുടെ വിധിപറയുന്ന അവസരം വരുന്നുണ്ട്. അവൻ ഏറ്റവും നീതിമാനായ വിധികർത്താവാണ്. നിങ്ങൾ അനുഷ്ഠിച്ച സൽക്കർമങ്ങൾക്കും അനുഭവിച്ച ത്യാഗങ്ങൾക്കും അർഹമായ പ്രതിഫലം ലഭിക്കുകതന്നെ ചെയ്യും. രണ്ട്, അവിശ്വാസികൾക്കുള്ള താക്കീത്. നിങ്ങൾ എന്റെ ദൗത്യത്തെ നിഷേധിക്കുന്നതും എന്നിൽ വിശ്വസിച്ചവരെ ദ്രോഹിക്കുന്നതും സ്വന്തം തത്ത്വങ്ങളും നിയമങ്ങളുമവതരിപ്പിച്ച് അക്രമവും അനീതിയും അനുവർത്തിക്കുന്നതും എന്തുകൊണ്ടാണെന്ന് അല്ലാഹുവിന് നല്ലവണ്ണമറിയാം. അവൻ നമുക്കിടയിൽ ന്യായം വിധിക്കുന്ന ഒരുനാൾ വരുന്നുണ്ട്. ഏറ്റവും ഉത്കൃഷ്ടനായ വിധികർത്താവ് അല്ലാഹുവാണെന്ന് നിങ്ങളും സമ്മതിക്കുന്നുണ്ടല്ലോ. നിങ്ങൾ ചെയ്യുന്ന അക്രമങ്ങൾക്കും അനീതികൾക്കും അവൻ അതികഠിനമായ ശിക്ഷ വിധിക്കുന്നത് കാത്തിരുന്നുകൊള്ളുക. രണ്ടു മാനത്തിലും فَٱصْبِرُوا (നിങ്ങൾ ക്ഷമിക്കുവിൻ) എന്നതിന് ഇവിടെ അർഥം 'കാത്തിരിക്കുവിൻ' എന്നാണ്.

അടിമകൾക്കിടയിൽ അല്ലാഹുവിന്റെ വിധി പലവിധത്തിലുണ്ട്: പ്രവാചകന്മാർക്ക് നൽകുന്ന വെളിപാടുകളിലൂടെ നിയമങ്ങൾ വിധിക്കുകയാണ് ഒന്ന്. സൃഷ്ടികളുടെ പ്രവർത്തനത്തിന് ഇഹത്തിൽ വെച്ചുതന്നെ ശിക്ഷയോ രക്ഷയോ വിധിക്കുകയാണ് മറ്റൊന്ന്. പരലോകത്ത് വെച്ച് അന്തിമമായി രക്ഷാശിക്ഷകൾ വിധിക്കുകയാണ് മൂന്നാമത്തേത്. പ്രകൃത സൂക്തത്തിൽ പരാമർശിക്കുന്ന വിധി രണ്ടാമത്തേതും മൂന്നാമത്തേതുമാണ്. രണ്ടാമത്തേത് മദ്‌യനിന്റെ വിനാശത്തിലൂടെ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. മൂന്നാമത്തേത് അന്ത്യനാളിൽ സംഭവിക്കാനിരിക്കുന്നു.

وَهُوَ خَيْرُ ٱلْحَٰكِمِينَ എന്ന വാക്യം ഇങ്ങനെയും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു: സജ്ജനരക്ഷയും ദുർജനശിക്ഷയും അവൻ ഉയിർത്തെഴുന്നേൽപുവരെ പിന്തിക്കുന്നു. ചിലപ്പോൾ ദുർജനത്തെ ഇഹത്തിൽതന്നെ നാശത്തിനിരയാക്കുന്നു. ചിലപ്പോൾ സജ്ജനങ്ങളുടെ കഷ്ടപ്പാടുകൾ വർധിപ്പിക്കുന്നു. ദുർജനത്തിന് കൂടുതൽ ഭൗതികസുഖങ്ങൾ ചൊരിഞ്ഞുകൊടുക്കുന്നു. അതെല്ലാം സത്യത്തിന്റെയും നീതിയുടെയും താൽപര്യമാണ്. അന്യായമായ ധൃതിയോ കാലവിളംബമോ അവനിൽനിന്നുണ്ടാകുന്നതല്ല. ■